രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഭവത്തിന്റെ യഥാർത്ഥ വിവരം വെളിപ്പെടുത്താനും ശവം വീണ്ടും പോസ്റ്റ്മോർട്ടം നടത്താനും ആവശ്യമായ അന്വേഷണം നടത്തി വസ്തുത പുറത്തു കൊണ്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പോസ്റ്റ്മോർട്ടം നടത്താനുള്ള ആക്ഷൻ കമ്മിറ്റിയുടേയും പള്ളത്താന്റെ ഭാര്യയുടെയും ബന്ധുക്കളുടെയും അപേക്ഷ ജില്ലാ കളക്ടർക്കും പോലീസ് സൂപ്രണ്ടിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇതിനകം തന്നെ അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച് ഇതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ഇതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കിട്ടിയിടത്തോളം വിവരം വച്ചു നോക്കിയാൽ പള്ളത്താൻ പാമ്പു കടിയേറ്റു മരിച്ചതായിട്ടാണ് കാണുന്നത്. പോസ്റ്റ്മോർട്ടം നടത്തണമെന്നുള്ള ആവശ്യത്തെ തുടർന്ന് ഒരു സ്വകാര്യ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയതിൽ നിന്ന് വെടിയുണ്ടയേറ്റ യാതൊരു പാടും ഒരു സ്ഥലത്തും കാണാനില്ല. അന്വേഷണം നടത്തി വരികയാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ നിന്നുള്ള വിവരമനുസരിച്ച് കാട്ടിൽപോയ അവസരത്തിൽ പള്ളത്താൻ പാമ്പുകടിയേറ്റു മരിച്ചു എന്നാണ് പറയുന്നത്. എങ്കിലും ശരി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു ആക്ഷേപമുള്ളതുകൊണ്ട് അത് കൂടുതൽ അന്വേഷണത്തിന് വിധേയമാക്കുകയും ആവശ്യമാണെങ്കിൽ പുതുതായി പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനമേർപ്പെടുത്താൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുകയും ഇതിന്റെ സത്യം കണ്ടുപിടിക്കുന്നതിനാവശ്യമായ എല്ലാം നടപടികളും സ്വീകരിക്കുകയും ചെയ്യാം.

(3) പെരിന്തൽമണ്ണയിലെ ജോയിന്റ് ആർ. ടി. ഒ. ആഫീസ്

ശ്രീ. നാലകത്ത് സൂപ്പി : സർ, റെയിൽവേ സൗകര്യം വളരെ കുറവായ മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ വാഹനങ്ങളെ ആശ്രയിച്ച് യാത്ര ചെയ്യേണ്ടിവരുന്ന ഒരു പട്ടണമാണ് പെരിന്തൽമണ്ണ. ഈ പെരിന്തൽമണ്ണ താലൂക്ക് ആസ്ഥാനമായി ഒരു റീജിയണൽ ട്രാൻസ്പോർട്ട് ജോയിന്റ് ആർ. ടി. ഒ. ഓഫീസ് അനുവദിക്കണമെന്ന ആവശ്യം നേരത്തെ പരിഗണനയിലുണ്ടായിരുന്നു. രണ്ടായിരത്തിൽ കൂടുതൽ നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾസും അതുപ്പോലെ തന്നെ മാറു വാഹനങ്ങളുമുള്ള പെരിന്തൽമണ്ണയിലെ പ്രതിമാസ വരുമാനം 12, 49, 568 രൂപയാണ്. അതേ സമയം 1986-87-ലെ പാറശാലയിലെ പ്രതിമാസ വരുമാനം കേവലം 73, 763 രൂപയാണ്. ഈ പാറശാലയിൽ ഒരു ജോയിന്റ് ആർ. ടി. ഒ. ആഫീസ് അനുവദിച്ചിട്ടുണ്ട്. പെരിന്തൽമണ്ണയിൽ ഇത് അനുവദിക്കപ്പെട്ടിട്ടില്ല. മൈസൂരിൽ നിന്നും നിലമ്പൂർ, വണ്ടൂർ തുടങ്ങിയ ഭാഗങ്ങളിൽ കൂടിയും തമിഴ് നാട്ടിൽ നിന്ന് അട്ടപ്പാടി, അഗളി മണ്ണാർക്കാട് എന്നീ ഭാഗങ്ങളിൽ നിന്നും ധാരാളം വാഹനങ്ങൾ പെരിന്തൽ മണ്ണയിലേക്ക് വരികയും പോവുകയും ചെയ്യുന്നുണ്ട്. ഈയവസരത്തിൽ ധാരാളം ടാക്സ് വെട്ടിപ്പ് നടക്കുന്നു. പെർമിറ്റ് പുതുക്കാതെ വാഹനങ്ങൾ പോകുന്നതുകൊണ്ട് ഭീമമായ ടാക്സ് വെട്ടിപ്പു നടക്കുന്നതുമൂലം സർക്കാരിന് കടുത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുവെന്നുള്ളത് ശരിയാണ്. അത് കണക്കിലെടുത്തുകൊണ്ട് പെരിന്തൽമണ്ണയിൽ ഒരു റീജിയണൽ ജോയിന്റ് ആർ. ടി. ഒ. ആഫീസ് അനുവദിക്കണം. എല്ലാ വരുമാനം കണക്കിലെടുത്താലും വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്താലും പെരിന്തൽമണ്ണയിലേക്ക് അത് അനുവദിക്കേണ്ടതാണ്. ഇക്കാല

LIBRARY ARCHIVES Kerala Legislative Assembly

മത്രയും അത് അനുവദിക്കാതിരിക്കുന്നത് വളരെ ഖേദകരമായിപ്പോയി, ഇനിയെങ്കിലും അനുവദിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ : സർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയിൽ ഒരു ജോയിന്റ് ആർ. ടി. ഒ. ആഫീസ് തുടങ്ങണം എന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം തന്നിട്ടുണ്ട്. അവിടെ മാത്രമല്ല, കോട്ടയം ജില്ലയിലെ വയ്ക്കം, ചങ്ങനാശ്ശേരി, കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് കൂടി പെരിന്തൽമണ്ണയോടൊപ്പം പ്രോ പോസ് ചെയ്തിട്ടുണ്ട്. അതുമാത്രമല്ല, മറയൂർ, ഗോവിന്ദപുരം, മീനാക്ഷിപുരം, ആനക്കെട്ടി, ക്ഷയ്നാട്ടി, വഴിക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ചെക്കു പോസ്റ്റുകളും തുടങ്ങേണ്ടതാണെന്നുള്ള നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ ഗവൺമെൻറിന് നൽകിയിട്ടുണ്ട്. ഈ സൗകര്യങ്ങളും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തുമ്പോൾ കൂടുതലായി 11,68,000 ത്തോളം ഉറുപ്പിക വാർഷികചെലവ് വരുന്നുണ്ട്. ഏതാണ്ട് 25 ലക്ഷത്തിലധികം രൂപ ഈയിനത്തിൽ നമുക്ക് കൂടുതലായി റവന്യൂ വരുമാനം ഉണ്ടാകുന്നതുമാണ്. ഇപ്പോൾ നെയ്യാറ്റിൻകര താലൂക്കിൽ തന്നെ രണ്ട് ജോയിന്റ് ആർ. ടി. ഒ. ആഫീസുകളുണ്ട്. അതായത് പാറശ്ശാലയിലും നെയ്യാറ്റിൻകരയിലും, അതുപോലെ തന്നെ കോട്ടയം ജില്ലയിലെ ഉഴവൂരിൽ വളരെ കുറച്ചു വാഹനങ്ങളും മാത്രമേയുള്ളൂ. വളരെ കുറച്ചു റവന്യൂ റിസോഴ്സസ് മാത്രമേ അവിടെ നിന്നും കിട്ടുന്നുള്ളൂ. അപ്പോൾ അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായി പരിശോധിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ താലൂക്കിന് ഓരോ ആർ. ടി. ഒ. ആഫീസ് എന്ന മാനദണ്ഡം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒന്നിലധികം ജോയിന്റ് ആർ. ടി. ഒ. ആഫീസുകളും എവിടെയെല്ലാമുണ്ട്, അങ്ങനെയുള്ള താലൂക്കുകളും എത്രയുണ്ട്, എന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഈ ചെക്കുപോസ്റ്റുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട സമയവും അതിക്രമിച്ചിരിക്കുകയാണ്. നമുക്ക് കൂടുതൽ റവന്യൂ റിസോഴ്സസ് ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇക്കാര്യം വിശദമായി പരിശോധിച്ച് നടപടികളും സ്വീകരിക്കാൻ ഇരിക്കുകയാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന്റെ കൺകറൻസ് കൂടി കിട്ടിയിൽ മാത്രമേ ഇതുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ കാര്യങ്ങളും ഗവൺമെൻറിന്റെ സജീവമായ പരിഗണനയിലിരിക്കുകയാണെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

(4) നാദാപുരം നിയോജകമണ്ഡലത്തിലെ കാവിലുംപാറ വില്ലേജിലെ തോട്ടക്കാട് ഭൂമിയുടെ കൈവശാവകാശം

ശ്രീ. കെ. ടി. കുണാരൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കാവിലുംപാറ മരുതാങ്ങര വില്ലേജുകളിൽ തോട്ടക്കാട് ഭൂമി എന്നറിയപ്പെടുന്ന സുമാർ 400 ഏക്കറോളം വരുന്ന ഭൂമി കഴിഞ്ഞ ആറേഴ് വർഷക്കാലമായി നൂറുകണക്കിന് ഭൂരഹിതരും കൃഷിക്കാരുമായിട്ടുള്ള ആളുകൾ കൈവശം വച്ച് കൃഷി ചെയ്തു, കുഴിക്കൂർ ചമയങ്ങൾ വച്ച് പിടിപ്പിച്ച്, താമസിച്ചു വരികയാണ്. അവർക്ക് അവരുടെ ഭൂമിയെ സംബന്ധിച്ച് ഒരു കൈവശ രേഖ സർവേ നടത്തി, അർഹരായിട്ടുള്ള ആളുകൾക്ക് കൊടുക്കണം, കൈവശരേഖ കൊടുത്താൽ അവരുടെ പൊതുവായ ജീവിതത്തിനും അഭിവൃദ്ധിക്കും സഹായകരമായ തരത്തിൽ ആ ഭൂമി പണയം വയ്ക്കാനും അതുപോലുള്ള കാര്യ

LIBRARY ARCHIVES Kerala Legislative Assembly